**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2032** **14-10-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ അഭിമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 'ദി ഹിന്ദു' ദിനപത്രം 30.09.24-ൽ പ്രസിദ്ധീകരിച്ച മുഖ്യമന്ത്രിയുമായുള്ള അഭിമുഖത്തിൽ സ്വർണ്ണ കള്ളക്കടത്തുമായി മലപ്പുറം ജില്ലയെ ബന്ധപ്പെടുത്തിയുള്ള പരാമർശം ഉൾപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത് എന്നാണെന്നും ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസ് നിഷേധക്കുറിപ്പ് പ്രസിദ്ധീകരിച്ചത് എന്നാണെന്നും അറിയിക്കുമോ; ലേഖനം പ്രസിദ്ധീകരിച്ച ദിവസം തന്നെ പ്രസ്തുത പരാമർശം നിഷേധിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | എ) മുഖ്യമന്ത്രിയുടെ ഓഫീസ് ഹിന്ദു പത്രത്തിന് തെറ്റ് ചൂണ്ടിക്കാണിച്ചുള്ള ഒരു കത്ത് നൽകുകയാണ് ചെയ്തത്. അത് പ്രസിദ്ധീകരിക്കണമെന്ന ആവശ്യപ്പെട്ടിരുന്നില്ല. |
| (ബി) | പ്രസ്തുത പത്രവുമായി മുഖ്യമന്ത്രിയുടെ അഭിമുഖ സംഭാഷണം തയ്യാറാക്കുന്നതിന് ഏതെങ്കിലും പി.ആർ. ഏജൻസിയെ സർക്കാരോ മുഖ്യമന്ത്രിയുടെ ഓഫീസോ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യപുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്. മതനിരപേക്ഷതയും സമാധാനവും പുലരുന്ന നാട് എന്ന നിലയ്ക്ക് കേരളം വർഗ്ഗീയശക്തികളുടെ എക്കാലത്തെയും ആക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയുടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്. ഇങ്ങനെ നേരിടാനും നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഒരു പി.ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല.ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജനങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ വികസനവും ക്ഷേമവും സംബന്ധിച്ച വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് സർക്കാരിന്റെ ഇൻഫ ർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി.ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) | മുഖ്യമന്ത്രിയുടെ അഭിമുഖത്തിനായി ഒരു പി.ആർ. ഏജൻസി സമീപിച്ചുവെന്ന് 'ദി ഹിന്ദു' ദിനപത്രം പ്രസിദ്ധീകരിച്ച ക്ഷമാപണത്തിൽ വെളിപ്പെടുത്തിയ സാഹചര്യത്തിൽ, പ്രസ്തുത ഏജൻസിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിൽ അത്തരമൊരു പരാമർശം നടത്തിയിട്ടില്ല.പരാമർശം നടത്തിയില്ലെന്ന കാര്യം വ്യക്തമാക്കി 'ദി ഹിന്ദു' തങ്ങൾ നൽകിയ വാർത്തയ്ക്ക് തിരുത്ത് നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | മുഖ്യമന്ത്രിയുടെ അഭിമുഖത്തിൽ ഇത്തരം പ്രസ്താവന കൂട്ടിച്ചേർത്ത ഗുരുതരമായ കുറ്റകൃത്യം ചെയ്ത പ്രസ്തുത ഏജൻസിക്കെതിരെയും ദിനപത്രത്തിനെതിരെയും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിൽ അത്തരമൊരു പരാമർശം നടത്തിയിട്ടില്ല.പരാമർശം നടത്തിയില്ലെന്ന കാര്യം വ്യക്തമാക്കി 'ദി ഹിന്ദു' തങ്ങൾ നൽകിയ വാർത്തയ്ക്ക് തിരുത്ത് നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ